ഭരണഭാഷ-മാതൃഭാഷ

വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

തൊഴിൽ ഭവൻ, തിരുവനന്തപുരം- 1

**ട്രെയിനിംഗ് ഡയരക്ടറുടെ നടപടിക്രമം**

**(നിലവിൽ: ഡോ.വീണ എൻ മാധവൻ ഐ.എ എസ്)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് –ട്രെയിനിംഗ് ഡയറക്ടറേറ്റ്- ജീവനക്കാര്യം –സീനിയർ സൂപ്രണ്ട് തസ്തികയുടെ പൊതു സ്ഥലം മാറ്റം- 2023 /സ്ഥാനക്കയറ്റം- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) 13.06.2023 ലെ DT/488/2022-A2 നമ്പർ വിജ്ഞാപനം .

2) ജി.ഒ(പി) നം..3/2017-പി&എ.ആർ.ഡി തീയതി 25.02.2017.

2) 04.07.2023 തീയതിയിലെ DT/488/2022-A3 നമ്പരായ ചുറ്ററിയിപ്പ്.

3) 8.03.2023 തിയതിയിലെ 836 നം. അസാധാരണ ഗസറ്റ്.

**********

**ഉത്തരവ് നമ്പർ: DT/3180/2023-A3 തീയതി: 26-07-2023**

പരാമർശം 1 പ്രകാരം വ്യവസായിക പരിശീലന വകുപ്പിലെ വിവിധ കേഡറുകളിലെ ജീവനക്കാരുടെ ഓൺലൈൻ പൊതു സ്ഥലം മാറ്റം -2023 ൻറെ വിജ്ഞാപനം(സ്പാർക്ക് മുഖേന) പുറപ്പെടുവിച്ചിരുന്നു.

ടി വിജ്ഞാപനത്തിൻറെ അടിസ്ഥാനത്തിൽ വകുപ്പിലെ സീനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരിൽ നിന്നും ലഭ്യമായിട്ടുള്ള പൊതു സ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ പരിശോധിച്ച് പരാമർശം 2 പ്രകാരം പ്രസ്തുത തസ്തികയുടെ പൊതു സ്ഥലം മാറ്റത്തിൻറെ കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ടി കരട് ലിസ്റ്റിന്മേൽ ചുവടെ പറയുന്ന അപ്പീൽ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇപ്രകാരം ലഭ്യമായിട്ടുള്ള അപേക്ഷകൾ പൊതു സ്ഥലം മാറ്റ മാർഗ്ഗ നിർദ്ദേശങ്ങളുടെയും നിലവിലുള്ള ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച്, ചുവടെ പറയും പ്രകാരം തീർപ്പാക്കി ഉത്തരവാകുന്നു.

| ക്രമ നം | പേര് /തസ്തിക / സ്ഥാപനം | ആക്ഷേപം | അപ്പീലിൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | ജ്യോതി ലക്ഷ്മി ജി, സീനിയർ സൂപ്രണ്ട് ഐ.ടി.ഐ ചന്ദനത്തോപ്പ് | സ്വന്തം ജില്ലയിലെ ഓപ്ഷനുകളിൽ പരിഗണിക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. | ഓപ്ഷൻ (1),(2) എന്നിവയിൽ നിലവിൽ സേവനത്തിലുള്ള ജീവനക്കാർ കാലാവധി പൂർത്തിയാക്കിയിട്ടില്ല. ജില്ലയിൽ തുറന്ന ഒഴിവുകളുമില്ല.അപ്പീൽ പരിഗണിക്കുന്നില്ല. |
| 2 | ജോജോ കെ.എൽ, സീനിയർ സൂപ്രണ്ട്, ഐ.ടി.ഐ ഏറ്റുമാനൂർ | പൊതു സ്ഥലം മാറ്റ മാർഗ്ഗ നിർദ്ദേശങ്ങളിലെ ഖണ്ഡിക 5-ലെ (vii),ഖണ്ഡിക 10-ലെ (xii) എന്നീ വ്യവസ്ഥകൾ പ്രകാരം ആറ്റിങ്ങൽ /കഴക്കൂട്ടം (വ)ഐ.ടി.ഐ യിലേയ്ക്ക് സ്ഥലം മാറ്റം അനുവദിക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. | ക്രമ നം.(5) ലെ ജീവനക്കാരന്റെ അപേക്ഷ അനുകമ്പാർഹമായ കാരണങ്ങളാൽ പരിഗണിക്കുന്നതിനാൽ അപ്പീൽ പരിഗണിക്കുന്നു. |
| | | | ഓപ്ഷനുകളിൽ തുറന്ന ഒഴിവുകൾ ഇല്ല. |

| | | | |
|---|---|---|---|
| 3 | ഹാഷിം ഇ കെ ,സീനിയർ സൂപ്രണ്ട് ,ഐ.ടി.ഐ കാസർഗോഡ് | ഒപ്ഷനുകളിലേയ്ക്ക് സ്ഥലം മാറ്റം അനുവദിക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. | ഓപ്ഷൻ (1), പള്ളിക്കത്തോട് ഐ.ടി.ഐ യിലെ ലെ ജീവനക്കാരി Retirement Priority കണക്കിലെടുത്ത് ചെന്നീർക്കര ഐ.ടി.ഐ യിലേയ്ക്ക് സ്ഥലം മാറ്റം അനുവദിക്കണമെന്ന് അപേക്ഷിച്ചിരുന്നു. ഓപ്ഷൻ പ്രകാരം സ്ഥലം മാറ്റം ലഭിച്ചിട്ട് കേവലം ഒരു വർഷം മാത്രമായിട്ടുള്ള ചെന്നീർക്കര ഐ.ടി.ഐ യിലെ ജീവനക്കാരി പള്ളിക്കത്തോട് ഐ.ടി.ഐ യിലേയ്ക്കും സ്ഥലം മാറ്റത്തിന് അപേക്ഷിച്ചിരുന്നു. Retirement Priority ഉള്ള ജീവനക്കാരിക്ക് സ്ഥലം മാറ്റം അനുവദിക്കുവാൻ വേണ്ടി മാത്രമാണ് ചെന്നീർക്കര ഐ.ടി.ഐ യിലെ ജീവനക്കാരിക്ക് പള്ളിക്കത്തോട് ഐ.ടി.ഐ യിലേയ്ക്ക് സ്ഥലം മാറ്റം നൽകിയത്.<br><br>7.11.2022 ലെ സ.ഉ(കൈ) നം.24/2022/ഉ.ഭ.പ.വ നമ്പർ ഉത്തരവിലെ വ്യവസ്ഥ പ്രകാരമാണ് ഓപ്ഷൻ (2) യിലേയ്ക്ക് ശ്രീമതി ജ്യോതി ലക്ഷ്മി ജി ക്ക് നിയമനം നൽകിയിട്ടുള്ളത്. മേൽപറഞ്ഞ കാരണങ്ങളാൽ അപ്പീൽ പരിഗണിക്കുന്നില്ല. |
| 4 | ഗിരീഷ് സി എസ്, സീനിയർ സൂപ്രണ്ട്, ഐ.ടി.ഐ (വ) കളമശ്ശേരി | 26.10.2022 തീയതിയിൽ ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയനായിട്ടുണ്ട്. നിലവിലെ സ്ഥാപനത്തിൽ നിലനിർത്തുകയോ, ഐ.ടി.ഐ മലമ്പുഴ .ഐ.ടി.ഐ മലമ്പുഴ (വ) /ഐ.ടി.ഐ ചാലക്കുടി /ഐ.ടി.ഐ മാള എന്നീ ഐ.ടി.ഐകളിൽ പരിഗണിക്കുകയോ ചെയ്യണമെന്നു അപേക്ഷിച്ചിട്ടുണ്ട്. | പൊതു സ്ഥലം മാറ്റ മാർഗ്ഗ നിർദ്ദേശങ്ങളിലെ ഖണ്ഡിക 4-ലെ (i) പ്രകാരം അനുകമ്പാർഹമായ കാരണങ്ങളാൽ അപേക്ഷ പരിഗണിക്കുന്നു. |
| 5 | ജ്യോതിഷ് കുമാർ എൻ , സീനിയർ സൂപ്രണ്ട്, ഐ.ടി.ഐ ആറ്റിങ്ങൽ | ഹൃദയ സംബന്ധമായ ചികിത്സയിലായതിനാലും വിരമിക്കൽ മുൻഗണന കണക്കിലെടുത്തും കൊല്ലം ബി.റ്റി.സി യിലേക്ക് സ്ഥലം മാറ്റം നൽകണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. | പൊതു സ്ഥലം മാറ്റ മാർഗ്ഗ നിർദ്ദേശങ്ങളിലെ ഖണ്ഡിക 4-ലെ (i) പ്രകാരം അനുകമ്പാർഹമായ കാരണങ്ങളാൽ അപേക്ഷ പരിഗണിക്കുന്നു. |

I/426094/2023

മേല്പറയും പ്രകാരം അപ്പീൽ അപേക്ഷകൾ തീർപ്പാക്കികൊണ്ട് 2023 വർഷത്തെ സീനിയർ സൂപ്രണ്ട് തസ്തികയുടെ പൊതു സ്ഥലം മാറ്റം ചുവടെ പറയും പ്രകാരം നടപ്പാക്കി ഉത്തരവാകുന്നു.

| SL. No. | PEN | Name/ Designation/ Office | Office Transfered from | Office Transfered to | Remarks |
|---|---|---|---|---|---|
| 1 | 370092 | Najimuniza A | ITI Chathannoor | ITI (w) Kazhakuttom | |
| 2 | 370270 | Vargheseluke | ITI Kattappana | ITI Chathannoor | |
| 3 | 370141 | Bindu Ipe | ITI Pallickathodu | ITI Chenneerkara | |
| 4 | 369774 | Thilshed Beegum H | ITI Chenneerkara | ITI Pallickathodu | |
| 5 | 370441 | Hashim E K | ITI Kasaragod | ITI Kattappana | പൊതു സ്ഥലം മാറ്റ മാർഗ്ഗ നിർദ്ദേശങ്ങളിലെ ഖണ്ഡിക 4- ലെ (i) പ്രകാരം ക്രമ നം (11) ശ്രീ.ഗിരീഷ് സി എസ് -ന്റെ അപ്പീൽ പരിഗണിച്ചതിനാൽ മാതൃ ജില്ലയ്ക്ക് തൊട്ടടുത്ത ജില്ലയിൽ ക്രമീകരിക്കുന്നു. |
| 6 | 370669 | Jyothilekshmi G | ITI Chandanathoppu | ITI Ettumanoor | |
| 7 | 367533 | Jojo K L | ITI Ettumanoor | ITI Attingal | |
| 8 | 370156 | Jyothishkumar N | ITI Attingal | BTC Kollam | ഹൃദയ സംബന്ധമായ ചികിത്സയിലായതിനാലും വിരമിക്കൽ മുൻഗണന കണക്കിലെടുത്തും കൊല്ലം ബി.റ്റി.സി യിലേക്ക് പരിഗണിക്കണമെന്ന അപേക്ഷ കണക്കിലെടുത്ത് സ്ഥലം മാറ്റം അനുവദിക്കുന്നു. |
| 9 | 370657 | Ullaskumar G | BTC Kollam | ITI Chandanathoppe | ശ്രീ.ജ്യോതിഷ് കുമാർ എൻ -ന്റെ അപേക്ഷ പരിഗണിക്കുന്നതിനായി അതെ ക്യാമ്പസിലുള്ള സ്ഥാപനത്തിൽ |

| | | | | | |
|---|---|---|---|---|---|
| | | | | | സ്ഥലം മാറ്റി നിയമിക്കുന്നു. |
| 01.09.2022 ന് ശേഷം സ്ഥാനക്കയറ്റം ലഭിച്ചവരുടെ കരട് പുന:ക്രമീകരണ ലിസ്റ്റിന്മേൽ ലഭിച്ച പരാതികൾ അനുഭാവപൂർവം പരിശോധിച്ച് അർഹത പ്രകാരം പുന:ക്രമീകരിക്കുന്നു.<br>**<u>01.09.2022-ന് ശേഷം സ്ഥാനക്കയറ്റം ലഭിച്ചവരുടെ പുന:ക്രമീകരണം</u>** | | | | | |
| 10 | | Shibu K | ITI Kozhikkode | ITI Kozhikkode | 01.09.2022-ന് ശേഷം സ്ഥാനക്കയറ്റം ലഭിച്ചവരുടെ പുന:ക്രമീകരണം ഓപ്ഷൻ പ്രകാരമുള്ള/ നിർബന്ധിത സ്ഥലംമാറ്റങ്ങളായി പരിഗണിക്കുന്നതല്ല. |
| 11 | | Girish CS | ITI (W) Kalamassery | ITI (W) Kalamassery | 01.09.2022-ന് ശേഷം സ്ഥാനക്കയറ്റം ലഭിച്ചവരുടെ പുന:ക്രമീകരണം ഓപ്ഷൻ പ്രകാരമുള്ള/ നിർബന്ധിത സ്ഥലംമാറ്റങ്ങളായി പരിഗണിക്കുന്നതല്ല. |
| 12 | 341021 | Balachandran S | ITI (w) Kazhakuttom | ITI Areacode | 01.09.2022-ന് ശേഷം സ്ഥാനക്കയറ്റം ലഭിച്ചവരുടെ പുന:ക്രമീകരണം ഓപ്ഷൻ പ്രകാരമുള്ള/ നിർബന്ധിത സ്ഥലംമാറ്റങ്ങളായി പരിഗണിക്കുന്നതല്ല. |

മേല്പറയും പ്രകാരം പൊതു സ്ഥലം മാറ്റം അനുവദിച്ച ശേഷം ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ ഒഴിവ് ഉണ്ടാകുന്നതാണ്.

- ഐ.ടി.ഐ കണ്ണൂർ
- ഐ.ടി.ഐ കയ്യൂർ
- ഐ.ടി.ഐ കാസർഗോഡ്

സീനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കുന്നതിനായി അർഹരായ ജൂനിയർ സൂപ്രണ്ടുമാരുടെ സെലക്ട് ലിസ്റ്റ് 08.02.2023-ൽ നടന്ന ഡി.പി.സി (ലോവർ) യോഗം തയ്യാറാക്കുകയും ആയതു സർക്കാർ അംഗീകരിച്ചതിനെ തുടർന്ന് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ടി സെലക്ട് ലിസ്റ്റിൽ ക്രമ നമ്പർ (136) ,ക്രമ നം 137,ക്രമ നം (138) ലെ ജീവനക്കാർക്ക് KS&SSR ലെ പൊതു ചട്ടം 28 (b) (ii) പ്രകാരം 51400-110300 രൂപ നിരക്കിൽ സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് താൽക്കാലികമായി ഉദ്യോഗക്കയറ്റം അനുവദിച്ച് ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം | പേര് /തസ്തിക /സ്ഥാപനം | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം | ഉദ്യോഗക്കയറ്റം നല്കി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | ശ്രീ .സബീന ജേക്കബ് ജൂനിയർ സൂപ്രണ്ട്, ഐ.ടി ഐ, വെങ്ങൂർ | 136 | ഐ.ടി.ഐ കയ്യൂർ |
| 2 | ശ്രീ .രാഘവ് എം, ജൂനിയർ സൂപ്രണ്ട്, ഡയറക്ടറേറ്റ് | 137 | ഐ.ടി.ഐ കണ്ണൂർ |
| 3 | ശ്രീ.പ്രദീപ് പി.എസ്, ജൂനിയർ സൂപ്രണ്ട് ,ഐ.ടി.ഐ പുഴക്കാട്ടിരി | 138 | ഐ.ടി.ഐ കാസർഗോഡ് |

സ്ഥലം മാറ്റം /സ്ഥാനക്കയറ്റ നിയമനം ലഭിച്ചിട്ടുള്ള ജീവനക്കാരെ അതാത് സ്ഥാപന മേധാവികൾ വിട്ടുതൽ ചെയ്യേണ്ടതാണ്. ടി ജീവനക്കാരെ വിട്ടുതൽ ചെയ്തതും സേവനത്തിൽ പ്രവേശിച്ചതുമായ വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. നിലവിൽ സേവനത്തിലുള്ള സ്ഥാപനത്തിൽ ഒരു വർഷ സേവന ദൈർഘ്യം ഇല്ലാത്ത അപേക്ഷ പ്രകാരം സ്ഥലം മാറ്റം അനുവദിച്ച ജീവനക്കാർക്ക് ജോയിനിംഗ് ടൈം /റ്റി.എ-യ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

(ഒപ്പ് /-)

ട്രെയിനിംഗ് ഡയറക്ടർ

**സ്വീകർത്താവ്:**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

**പകർപ്പ് :**

എല്ലാ യൂണിറ്റ് ഓഫീസർമാർക്കും (ട്രെയിനിംഗ് ഡയറക്ടറേറ്റ് )/എല്ലാ സ്ഥാപന മേധാവികൾക്കും /സ്റ്റോക്ക് ഫയൽ

//ഉത്തരവിൻ പ്രകാരം //

സീനിയർ സൂപ്രണ്ട്